# നമ്മുടെ സ്കൂളുകൾക്ക് എന്തുപറ്റി ?

5 >>

## ഇവർ ഭരിക്കാൻ കൊള്ളാത്തവർ തന്നെ!

**കോടികൾ കേരളത്തിനു കിട്ടേണ്ട കുട്ടനാട് പാക്കേജും ഇടുക്കി പാക്കേജുമെല്ലാം നടപ്പാകാതെ പോകുന്നത് വ്യക്തമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നല്കാത്തതു കൊണ്ടാണെന്നാണ് കേന്ദ്രം പറയുന്നത്. അടിസ്ഥാനപരമായ ചുമതലകൾ പോലും നിർവഹിക്കാൻ ഭരണകർത്താക്കൾക്ക് സാധിക്കുന്നില്ലെങ്കിൽ ഭരിക്കാൻ കൊള്ളാത്തവർ എന്നു തന്നെ അവരെ വിളിക്കേണ്ടി വരും.**

കാലവർഷം ശക്തിപ്രാപിക്കുന്നില്ല എന്നു പരാതി പറഞ്ഞിരിക്കുമ്പോഴാണ് കേരളത്തിന്റെ വടക്കൻ ജില്ലകളിൽ കാലവർഷം അതിന്റെ തനിസ്വരൂപം പുറത്തെടുത്തത്. സമീപനാളുകളിലെങ്ങുമുണ്ടാകാത്ത തരത്തിലുള്ള ദുരിതം വിതച്ചു കൊണ്ടാണ് മഴ താത്ക്കാലികമായി പിൻവാങ്ങിയത്.

കേരളത്തിനുണ്ടായ നഷ്ടം കോടികളുടേതാണ്. അതിന്റെ യഥാർഥ കണക്കെടുപ്പു നടന്നു വരുന്നതേയുള്ളു. ഇത്തവണ സർക്കാർ സംവിധാനം താരതമ്യേന മെച്ചപ്പെട്ട രൂപത്തിൽ പ്രവർത്തിച്ചു എന്നതാണ് ഒരു പ്രത്യേകത.

എടുത്തു പറയേണ്ട കാര്യം കേന്ദ്രസർക്കാർ കാട്ടിയ താത്പര്യമാണ്. തിരുവനന്തപുരത്തു നിന്ന് ഉത്തരവാദപ്പെട്ടവർ മലബാറിലെത്തുന്നതിനു മുമ്പേ ഡൽഹിയിൽ നിന്ന് ദുരന്തനിവാരണ ദൗത്യസംഘം രക്ഷാപ്രവർത്തനത്തിനായി സ്ഥലത്തെത്തി എന്നതാണ്. കേന്ദ്ര ആഭ്യന്തരമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രന്റെ പ്രവർത്തനം മലബാറുകാരെങ്കിലും നന്ദിപൂർവം ഓർമിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

എന്നാൽ തുടർനടപടികളെടുക്കുന്ന കാര്യത്തിൽ കേരളം പതിവുകൾ ആവർത്തിക്കുകയാണ്. നഷ്ടത്തെ സംബന്ധിച്ചു കേരളം സമർപ്പിച്ച റിപ്പോർട്ട് വസ്തുതാപരമല്ലെന്നാണ് കേന്ദ്രം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പുതിയ റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിൽ പ്രകൃതി ദുരന്തമുണ്ടാകുന്നത് ആദ്യമല്ല. കേന്ദ്രത്തിലേക്ക് റിപ്പോർട്ടുകൾ അയയ്ക്കുന്നതും പുതുമയുള്ള കാര്യമല്ല. എന്നിട്ടും ഇത്രയും പ്രധാനപ്പെട്ട കാര്യത്തിൽ കൊള്ളാവുന്ന ഒരു റിപ്പോർട്ട് തയാറാക്കി നല്കാൻ പോലും നമുക്കു കഴിയാതിരുന്നത് എന്തെന്ന് മനസ്സിലാകുന്നില്ല.

കോടികൾ കേരളത്തിനു കിട്ടേണ്ട കുട്ടനാട് പാക്കേജും ഇടുക്കി പാക്കേജുമെല്ലാം നടപ്പാകാതെ പോകുന്നത് വ്യക്തമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നല്കാത്തതു കൊണ്ടാണെന്നാണ് കേന്ദ്രം പറയുന്നത്. അടിസ്ഥാനപരമായ ചുമതലകൾ പോലും നിർവഹിക്കാൻ ഭരണകർത്താക്കൾക്ക് സാധിക്കുന്നില്ലെങ്കിൽ ഭരിക്കാൻ കൊള്ളാത്തവർ എന്നു തന്നെ അവരെ വിളിക്കേണ്ടി വരും.

എന്തുവന്നാലും കേന്ദ്രത്തിന്റെ തലയിൽ ഉത്തരവാദിത്വം വച്ചുകെട്ടി തലയൂരുന്ന പതിവു നാടകം തന്നെയാണ് കാലവർഷക്കെടുതി നിവാരണത്തിലും ഇടതുസർക്കാരും പിൻതുടരുന്നത്. *

# പഠിക്കുവാനുള്ള അവകാശത്തെ ഇടതുസർക്കാർ വെല്ലുവിളിക്കുന്നു

**ബെന്നി കക്കാട്**

പഠിക്കുവാനുള്ള വിദ്യാർത്ഥിസമൂഹത്തിന്റെ ഭരണഘടനാപരമായ മൗലികാവകാശത്തെ ഇടതുസർക്കാർ വെല്ലുവിളിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) കൊല്ലം ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട് ആരോപിച്ചു.

കെ.എസ്.സി.(എം) കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ യുഡിഎഫിന്റെ ഭരണകാലത്ത് സ്വാശ്രയമേഖലയിൽ നടപ്പാക്കിയ 50:50 നിലയിലുള്ള പ്രവേശനത്തിനെതിരെ സംസ്ഥാനമൊട്ടുക്ക് ഭീകരാന്തരീക്ഷം സൃഷ്ടിച്ചവർ ഇന്ന് വിദ്യാഭ്യാസകച്ചവടത്തെ പ്രോത്സാഹിപ്പിക്കുന്ന സിപിഎം നിലപാടുകൾക്കുനേരെ കണ്ണടയ്ക്കുകയാണ്. ഇതുവഴി ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയും അവരുടെ രക്ഷിതാക്കളുടെ പ്രതീക്ഷകളുമാണ് തകരുന്നത്.



കെ.എസ്.സി.(എം) കൊല്ലം ജില്ലാ കമ്മിറ്റിയുടെ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട് ഉദ്ഘാടനം ചെയ്യുന്നു.

തികച്ചും ഗാന്ധിയൻ മാർഗത്തിലൂടെയാണ് കേരളത്തിലെ കെ.എസ്.സി.(എം) ഉൾപ്പെടെയുള്ള വിദ്യാർത്ഥിസംഘടനകൾ, വിദ്യാഭ്യാസമേഖലയിൽ ഭ്രാന്തൻ ആശയങ്ങൾ അടിച്ചേല്പിക്കുവാനും വിദ്യാഭ്യാസത്തെ കച്ചവടവത്ക്കരിക്കുവാനുള്ള സിപിഎമ്മിന്റെ ഗൂഢനീക്കങ്ങളോട് പ്രതികരിച്ചിട്ടുള്ളത്. അത് ദൗർബല്യമായി കാണരുതെന്നും ജനങ്ങളുടെ ശക്തമായ രോഷം തിരിച്ചറിഞ്ഞ് ഇത്തരം സാമൂഹ്യവിരുദ്ധ നിലപാടുകളിൽനിന്നും എത്രയും വേഗം ഇടതുസർക്കാരും വിദ്യാഭ്യാസമന്ത്രിയും പിൻമാറണമെന്നും ബെന്നി കക്കാട് ആവശ്യപ്പെട്ടു.

കെ.എസ്.സി (എം) കൊല്ലം ജില്ലാ പ്രസിഡണ്ട് ശ്രീരാജ് കൃഷ്ണൻ, സംസ്ഥാന വൈസ് പ്രസിഡണ്ട് സുനറ്റ് കെ.വൈ, ശ്യാം എന്നിവർ പ്രസംഗിച്ചു.

## അറിവിന്റെ ലോകം

**വി.കെ.ഹരിദാസ്**




വണ്ടുകാലത്ത് കേരളത്തിൽ ആളുകൾ മഴകൊള്ളാതിരിക്കാൻ വാഴയിലയും ചേമ്പിന്റെ ഇലയും മറ്റും ഉപയോഗിച്ചിരുന്നു. ശീലക്കുട പ്രചാരത്തിൽ വരുന്നതിനു മുമ്പ് പനയോലകൊണ്ട് കാക്കുട (മടക്കിവെയ്ക്കാൻ കഴിയാത്ത നീണ്ട കാലുള്ള കുട), തൊപ്പിക്കുട, മറക്കുട, പിരിയോല എന്നിവ നിർമിച്ച് ഉപയോഗിച്ചിരുന്നു. മുതിർന്നവരും കുട്ടികളും കാക്കുട ഉപയോഗിച്ചിരുന്നു.



തൊപ്പിക്കുട വലുതും ചെറുതുമുണ്ട്. മഴക്കാലത്ത് പറമ്പു കിളയ്ക്കുന്നവരും കന്നു പൂട്ടുന്നവരും മഴകൊള്ളാതിരിക്കാൻ വലിയ തൊപ്പിക്കുട ഉപയോഗിക്കുന്നു. കടലിൽ മീൻ പിടിക്കാൻ പോകുന്ന മത്സ്യത്തൊഴിലാളികളാണ് സാധാരണയായി ചെറിയ തൊപ്പിക്കുട ഉപയോഗിക്കാറുള്ളത്. ബ്രാഹ്മണ സ്ത്രീകളാണ് ആചാരത്തിന്റെ ഭാഗമായി മറക്കുട ഉപയോഗിക്കുന്നത്. വയലിൽ കൃഷിപ്പണി ചെയ്യുന്ന സ്ത്രീകൾ മഴകൊള്ളാതിരിക്കാൻ ഉപയോഗിക്കുന്നതാണ് പിരിയോല.

പ്രാചീനകാലത്തെ കുടകളെല്ലാം സൂര്യപ്രകാശത്തിൽ നിന്ന് രക്ഷനേടാൻ ഉപകരിക്കുന്നവയായിരുന്നു. മഴയിൽ നിന്ന് രക്ഷനേടാനുള്ള കുടകൾ നിർമിച്ചത് ചൈനക്കാരാണ്. മെഴുകു പുരട്ടിയതോ, പോളീഷ് ചെയ്തതോ ആയ അത്തരം കുടകൾ നിർമിച്ചത് ബി.സി. 1000ൽ ആണ്. പതിനഞ്ചാം നൂറ്റാണ്ടു മുതൽ ചൈന, ഗ്രീസ്, അസീറിയ, ഈജിപ്ത് മുതലായ രാജ്യങ്ങളിൽ സൂര്യപ്രകാശത്തിൽ നിന്നും മഴയിൽ നിന്നും രക്ഷനേടാനുള്ള കുടകൾ പ്രചാരത്തിലുണ്ടായിരുന്നു. ചേമ്പുപോലുള്ള സസ്യങ്ങളുടെ ഇലകളാണ് ചൈനക്കാരെ, കുടയിൽ വെള്ളം വീഴുമ്പോൾതന്നെ ഒലിച്ചുപോകുന്ന തരത്തിലുള്ള കുടകൾ നിർമിക്കാൻ പ്രേരിപ്പിച്ചത്.

പതിനാറാം നൂറ്റാണ്ടു മുതൽ പാശ്ചാത്യരാജ്യങ്ങളിലും കുടകൾ പ്രചാരമാർജിച്ചു. അക്കാലത്താണ് കുടകൾക്ക് 'അംബ്രല്ല' എന്ന പേരു ലഭിച്ചത്. ലത്തീൻ ഭാഷയിൽ 'നിഴൽ' എന്നർത്ഥം വരുന്ന 'അംബ്ര'യിൽ നിന്നാണ് ഈ വാക്കുണ്ടായത്. യൂറോപ്പിൽ കുട പ്രചാരമാർജിച്ചെങ്കിലും അവ സ്ത്രീകൾക്കുമാത്രമുള്ള ഒരു 'ഉപകരണ'മെന്ന നിലയിലായിരുന്നു ഉപയോഗം. ആ കാലഘട്ടത്തിലാണ് പേർഷ്യയിൽനിന്നുള്ള സഞ്ചാരിയും എഴുത്തുകാരനുമായ ജോനാസ് ഹാൻവേ ഇംഗ്ലണ്ട് സന്ദർശിക്കുന്നതും കുട പരസ്യമായി ഉപയോഗിക്കുവാൻ തുടങ്ങിയതും. ഇതോടെ പുരുഷന്മാരുടെ ഇടയിലും കുട പ്രചാരമാർജിച്ചു. മരത്തടികളും വലിയ മത്സ്യങ്ങളുടെ എല്ലുകളും എണ്ണനിറമുള്ള ക്യാൻവാസും ഉപയോഗിച്ചായിരുന്നു യൂറോപ്പിൽ ആദ്യകാലത്ത് കുടകൾ നിർമിച്ചിരുന്നത്.

1830ൽ ലണ്ടനിലെ ന്യൂ ഓക്സ്ഫോർഡ് തെരുവിൽ ജെയിംസ് സ്മിത്ത് ആന്റ് സൺസ് എന്ന കടയാണ് ആദ്യമായി കുടകൾ മാത്രം വില്ക്കാനായി ആരംഭിച്ച സ്ഥാപനം. 1852ൽ സാമുവൽ ഫോക്സ് സ്റ്റീൽ ഉപയോഗിച്ച് കുട നിർമാണം ആരംഭിച്ചു. നൈലോണിന്റെ കണ്ടുപിടുത്തത്തോടുകൂടി കുടയുടെ തുണിത്തരമായി അവ ഉപയോഗിക്കുവാൻ തുടങ്ങി.

ഇപ്പോൾ കുടകൾക്ക് പലതരം പരിഷ്കാരങ്ങൾ വന്നിട്ടുണ്ട്. മുമ്പൊക്കെ കറുത്ത തുണികളായിരുന്നുവെങ്കിൽ, ഇപ്പോൾ വിവിധ വർണങ്ങളും പൂക്കളുമുള്ള കുടകളാണ് വിപണിയിലുള്ളത്. കുട്ടികളെ ആകർഷിക്കാൻ വേണ്ടി കുടക്കമ്പനികൾ മത്സരബുദ്ധിയോടെയാണ് ഓരോ വർഷവും പുതിയ ഉത്പന്നങ്ങൾ വിപണിയിലിറക്കുന്നത്. മുമ്പ് മടക്കാൻ കഴിയാത്ത കാലുകളായിരുന്നുവെങ്കിൽ, ഇപ്പോൾ രണ്ടും മൂന്നും നാലും മടക്കുകളുള്ള കുടകളാണുള്ളത്.

*****************

CYAN MAGENTA YELLOW BLACK

വിശകലനം

പി.ടി. ജോസ്

# സിപിഎം പോളിറ്റ് ബ്യൂറോയും അഴുക്കിൽ കൈകുത്തിയ വാനരനും

2

**വിജയൻ കേരളത്തിലെ പാർട്ടി സെക്രട്ടറിയാണ്. അതുകൊണ്ട് തന്നെ പാർട്ടി സെക്രട്ടറിയുടെ തിളക്കമാണ് പാർട്ടിയുടെയും തിളക്കം. ക്ലാവു പിടിച്ച് തിളക്കം മങ്ങിയ സെക്രട്ടറിയായിത്തീർന്നിരിക്കുന്നു, ലാവ്‌ലിൻ ആരോപണത്തോടെ വിജയൻ. അത് തേച്ചുമിനുക്കി ക്ലാവ് കളയുന്ന സ്ഥലമാണ് കോടതി. അവിടെവരെ പോകാൻ വിജയനെ പാർട്ടി ഉപദേശിക്കണമായിരുന്നു. എന്തുകൊണ്ട് അതിന് കഴിഞ്ഞില്ല എന്ന് ജനങ്ങളോട് വ്യക്തമാക്കാത്തിടത്തോളം കാലം പി.ബിയും സംശയത്തിന്റെ നിഴലിലാണ്.**

**കീ**രിയും പാമ്പും ആയി പാർട്ടിക്കകത്ത് മാറിയ വിജയനെയും അച്യുതാനന്ദനെയും ഒരുമിപ്പിക്കാൻ ശ്രമിച്ച സിപിഎം പോളിറ്റ് ബ്യൂറോ എടുത്ത തീരുമാനം പൊതുസമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്തതാണെന്ന് മനസ്സിലാക്കാൻ ഇനിയും സമയമെടുക്കും. തത്വങ്ങളും മാനദണ്ഡങ്ങളും സൗകര്യപൂർവം മറന്നുകൊണ്ട് എടുത്ത തീരുമാനമാകട്ടെ, ഈ പ്രസ്ഥാനത്തോടുള്ള ജനവിശ്വാസം തകർക്കാനേ ഉപകരിച്ചിട്ടുള്ളു താനും.

സംഘടനയ്ക്കകത്തുണ്ടായ പ്രശ്നങ്ങൾ പാർട്ടി ഭരണഘടനയ്ക്ക് വിധേയമായും മറ്റു വിഷയങ്ങൾ ഇന്ത്യൻ ഭരണഘടനയ്ക്ക് വിധേയമായും തീർക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ സി.പി.ഐ (എം) ഈ നിലയിൽ എത്തുമായിരുന്നോ?

അച്യുതാനന്ദൻ അച്ചടക്കം ലംഘിച്ചെങ്കിൽ ശക്തമായ നടപടി എടുക്കണമായിരുന്നു. അതു സംഘടനക്കാര്യം. എന്നാൽ ലാവ്‌ലിൻ കാര്യത്തിൽ പിണറായി കുറ്റക്കാരനല്ലെന്ന് പറയാൻ പി.ബി. ആരാണ്-എന്താണ്? ലാവ്‌ലിൻ കേസ് അഴിമതി ആരോപണമാണ്. അത് ശരിയാകാം തെറ്റാകാം. അതിൽ വിധിതീർപ്പ് കല്പിക്കാൻ ഇന്ത്യൻ സാഹചര്യത്തിൽ ഒരു പാർട്ടിയുടെ ഉന്നത സമിതിക്കും അധികാരമില്ല. അതിന് തുനിയരുതായിരുന്നു, നീതിന്യായവ്യവസ്ഥ നിലനില്ക്കുന്നിടത്തോളം കാലം. അവിടെ സത്യസന്ധത തെളിയിച്ച് അഗ്നിശുദ്ധിവരുത്തി പുറത്ത് വരുത്തണമായിരുന്നു, പാർട്ടി പിണറായി വിജയനെ.

വിജയൻ കേരളത്തിലെ പാർട്ടി സെക്രട്ടറിയാണ്. അതുകൊണ്ടു തന്നെ പാർട്ടി സെക്രട്ടറിയുടെ തിളക്കമാണ് പാർട്ടിയുടെയും തിളക്കം. ക്ലാവു പിടിച്ച് തിളക്കം മങ്ങിയ സെക്രട്ടറിയായിത്തീർന്നിരിക്കുന്നു, ലാവ്‌ലിൻ ആരോപണത്തോടെ വിജയൻ. അത് തേച്ചു മിനുക്കി ക്ലാവ് കളയുന്ന സ്ഥലമാണ് കോടതി. അവിടെവരെ പോകാൻ വിജയനെ പാർട്ടി ഉപദേശിക്കണമായിരുന്നു. എന്തുകൊണ്ട് അതിന് കഴിഞ്ഞില്ല എന്ന് ജനങ്ങളോട് വ്യക്തമാക്കാത്തിടത്തോളം കാലം പി.ബിയും സംശയത്തിന്റെ നിഴലിലാണ്.

**എല്ലാം പൊതുമേഖലയിൽ ആക്കണമെന്ന് വാദിക്കുന്ന സി.പി.ഐ (എം) എന്തുകൊണ്ട് വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എല്ലിന് നല്കാതെ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിക്ക് നല്കി എന്ന ജനങ്ങളുടെ ന്യായമായ സംശയത്തിന് മറുപടി പി.ബി. കൊടുക്കേണ്ടതല്ലേ? ഇങ്ങനെയൊക്കെ ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. സി.പി.ഐ (എം)ന്റെ പോളിറ്റ് ബ്യൂറോ പാർട്ടി അച്ചടക്കം സംബന്ധിച്ച കാര്യവും ലാവ്‌ലിൻ വിഷയവും രണ്ടായി കാണേണ്ടതായിരുന്നു.**



**വംശനാശം സംഭവിച്ച ഐക്യം:** *പിണറായി വിജയനും വി.എസ്.അച്യുതാനന്ദനും (ഒരു ഫയൽ ചിത്രം)*

പി.ബിയിലെ ബഹുഭൂരിപക്ഷവും വിജയനെയും അച്യുതാനന്ദനെയും തുല്യമായി ശിക്ഷിക്കണമെന്ന് വാദിച്ചതായി പുറത്തുവരുന്ന റിപ്പോർട്ടുകൾ ആരും നിഷേധിച്ചു കണ്ടില്ല. പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് സ്വീകരിച്ച കടുംപിടുത്തത്തിന് മുമ്പിൽ മറ്റ് പി.ബി. അംഗങ്ങൾ നിസ്സംഗതയോടെ നിന്നു എന്ന് തോന്നുമാറാണ് റിപ്പോർട്ടുകൾ വെളിയിൽ വന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയെങ്കിൽ പ്രകാശ് കാരാട്ടും ജനങ്ങളെ സംബന്ധിച്ചിടത്തോളം സംശയത്തിന്റെ നിഴലിലാണ്.

ഇന്ത്യൻ പാർലമെണ്ടിൽ ഇടതുപക്ഷം പിന്തുണ പിൻവലിച്ചപ്പോൾ എം.പിമാരെ ചാക്കിട്ടു പിടിച്ചു എന്ന് പരാതി ഉയർന്നു. നാണംകെട്ട പല ഏർപ്പാടുകളും അതിന്റെ പിന്നിൽ നടന്നതായും ധാരണ പരന്നു. അതിനെക്കാൾ മോശമായിട്ടല്ലേ കമ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയോഗത്തിൽ ആളെ പിടിക്കുന്നു എന്ന വാർത്ത പുറത്തുവന്നത്.

കേരളത്തിലെ ചില മന്ത്രിമാർ തന്നെ മറ്റു സംസ്ഥാനങ്ങളിൽ രഹസ്യസന്ദർശനം നടത്തിയത് ആളെ പിടിക്കാനാണെന്ന് പത്രങ്ങൾ റിപ്പോർട്ട് നല്കി. അതുമാത്രമോ, എന്തെല്ലാം ഊഹാപോഹങ്ങൾ പ്രചരിച്ചു. എല്ലാം കേരളഘടകത്തിലെ പ്രശ്നങ്ങളിൽ പോളിറ്റ് ബ്യൂറോ സ്വീകരിച്ച നിലപാടുകളുടെ പേരിൽ മാത്രം.

പോളിറ്റ് ബ്യൂറോയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതെ, കേന്ദ്രകമ്മിറ്റി കൂടേണ്ടി വരുന്നു. കേന്ദ്രകമ്മിറ്റിയിൽ ആളെ പിടിച്ചും പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ ശക്തമായ സമ്മർദത്തിന് വിധേയമായും കേരള സെക്രട്ടറിയെ വെള്ളപൂശുന്ന തീരുമാനം എടുക്കുന്നു.

“ഈ കരാർ പാർട്ടിയെ നശിപ്പിക്കും. പാർട്ടിക്കുള്ളിൽ കലാപത്തിന് വഴിതെളിക്കും” എന്ന ഇ. ബാലനന്ദന്റെ റിപ്പോർട്ട് ഇവിടെ അന്വർത്ഥമാകുന്നു. ബാലാനന്ദന്റെ ഒൻപത് പേജു വരുന്ന ദീർഘമായ റിപ്പോർട്ടിൽ “കമ്യൂണിസ്റ്റുകളുടെ നിലപാടിനും ദേശീയനയത്തിനുമെതിരാണ്” ഈ കരാർ എന്നു പറഞ്ഞത് ജനങ്ങൾ ഓർക്കുന്നു.



*ഇ.ബാലാനന്ദൻ*

എന്തിനാണ് ബാലാനന്ദന്റെ റിപ്പോർട്ട് തള്ളിക്കളഞ്ഞത് എന്ന് പി.ബി. വ്യക്തമാക്കേണ്ടേ? വിഭാഗീയത ഇത്രയും ശക്തമല്ലാതിരുന്ന സന്ദർഭത്തിൽ ബാലാനന്ദൻ നല്കിയ റിപ്പോർട്ട് അവഗണിച്ച് ലാവ്‌ലിൻകരാറിൽ ഏർപെട്ടപ്പോൾ അതിൽ എന്തോ മണക്കുന്നു എന്ന് ജനങ്ങൾ വിശ്വസിച്ചാൽ അത് തെറ്റല്ലെന്ന് എന്തുകൊണ്ട് പി.ബി. വിലയിരുത്തിയില്ല? അങ്ങനെ ഒരു വിലയിരുത്തലിന് പ്രകാശ് കാരാട്ട് എന്തുകൊണ്ട് നേതൃത്വം



*പ്രകാശ് കാരാട്ട്*

കൊടുത്തില്ല? എല്ലാം പൊതുമേഖലയിൽ ആക്കണമെന്ന് വാദിക്കുന്ന സി.പി.ഐ (എം) എന്തുകൊണ്ട് വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എല്ലിന് നല്കാതെ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിക്ക് നല്കി എന്ന ജനങ്ങളുടെ ന്യായമായ സംശയത്തിന് മറുപടി പി.ബി. കൊടുക്കേണ്ടതല്ലേ? ഇങ്ങനെയൊക്കെ ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു. സി.പി.ഐ (എം)ന്റെ പോളിറ്റ് ബ്യൂറോ പാർട്ടി അച്ചടക്കം സംബന്ധിച്ച കാര്യവും ലാവ്‌ലിൻ വിഷയവും രണ്ടായി കാണേണ്ടതായിരുന്നു.

ഒന്നുകിൽ പി.ബി. കേരളകാര്യത്തിൽ ശരിയായ പഠനം നടത്തിയില്ല. അല്ലെങ്കിൽ വ്യക്തവും ശക്തവുമായ നിലപാട് സ്വീകരിക്കുവാൻ മുൻകാലങ്ങളിലേതുപോലെ കഴിയാതെ പോയി. ഈ വിമർശനത്തെ നേരിടാൻ അവസാനം തീരുമാനം എടുത്തതോ ലക്ഷക്കണക്കിന് പ്രവർത്തകർക്കും അനുഭാവികൾക്കും ഇടതുപക്ഷസഹയാത്രികർക്കും ദഹിക്കാത്ത തീരുമാനവും.

ഈ തീരുമാനം വഴി സി.പി.ഐ(എം) അടിമുടി വിഭാഗീയതയ്ക്ക് അടിപ്പെട്ടു കഴിഞ്ഞു.ലോക്കൽ കമ്മിറ്റി മുതൽ പി.ബി. വരെ ആകമാനം ഒരു പൊളിച്ചെഴുത്തിലൂടെയേ ഈ പാർട്ടിയെ ഇനി രക്ഷിക്കാൻ കഴിയൂ. ഇന്ത്യയിൽ സി.പി.ഐ (എം) നേതൃത്വത്തിലുള്ള വിശ്വാസം, അവരുടെ തീരുമാനങ്ങളിലെ ബലക്ഷയവും ചാഞ്ചാട്ടവും നിഷ്പക്ഷതയില്ലായ്മയും കൊണ്ട് നഷ്ടപ്പെട്ടിരിക്കുന്നു. ചേരിപ്പോരിന്റെയും വിഭാഗീയ പ്രവർത്തനങ്ങളുടെയും വിളനിലമായ കേരളഘടകം പിരിച്ചുവിട്ട് നിഷ്പക്ഷരായ പാർട്ടി സഖാക്കളെ കണ്ടെത്തി അവരെ സംഘടന ഏല്പിച്ചാലല്ലാതെ ഈ പാർട്ടി കേരളത്തിൽ രക്ഷപെടില്ല. കേന്ദ്രത്തിലും ഇതുതന്നെയാണ് സ്ഥിതി.

അമേദ്യത്തിൽ കൈകുത്തിയ വാനരൻ മണത്തപ്പോൾ മുഖത്തും ചൊറിഞ്ഞപ്പോൾ ശരീരത്തിലാകമാനവും പറ്റി ഈച്ചപറ്റിപിടിക്കുന്ന അവസ്ഥയിൽ എത്തിയതുപോലെ, ലാവ്‌ലിൻ എന്ന അഴിമതിയിൽ കൈയിട്ട് ആകമാനം മലീമസമായ അവസ്ഥയിൽ എത്തിനില്ക്കുന്ന സിപിഎം നല്ല കുത്തൊഴുക്കുള്ള ആറ്റിൽ ചാടി കുളിച്ചാലല്ലാതെ രക്ഷപെടില്ല. അതുകൊണ്ടു തന്നെ സിപിഐ(എം) സംഘടനാരംഗത്ത് ഒരു പൊളിച്ചെഴുത്തിന് വിധേയമാകണം.

*(അവസാനിച്ചു)*

CYAN MAGENTA YELLOW BLACK

## നാരദൻ — പതിമൂന്നാം പേജ്

# ഒറ്റയാൻ എവിടെ? ഒറ്റപ്പെട്ടവൻ എവിടെ?

**ഒ**റ്റയാനെ പേടിക്കണമെന്നാണു പറയുന്നത്. എന്തെന്നാൽ അവൻ ആളു പിശകാണ്. ആരെയും പേടിയില്ലാത്തവൻ. കൂട്ടാളികളില്ലാത്തതുകൊണ്ട് ആരെയും നോക്കാനില്ല. ഒറ്റയാൻ എവിടെ എപ്പോൾ വേണമെങ്കിലും പ്രത്യക്ഷപ്പെടാം. ഓർക്കാപ്പുറത്തായിരിക്കും മുന്നിലോ പിന്നിലോ ഒക്കെ അവതരിക്കുക.



പിടികിട്ടാപ്പുള്ളികളായ കൊമ്പനാനകളെക്കുറിച്ചാണീ പറയുന്നതെങ്കിലും മനുഷ്യന്മാരുടെയിടയിലുമുണ്ട് ഓരോരോ ഒറ്റയാന്മാർ എന്നാണു പറയുന്നത്. സാഹിത്യത്തിലും സിനിമയിലും രാഷ്ട്രീയത്തിലുമൊക്കെ ഒറ്റയാന്മാർ പിടിച്ചെടുത്ത കനകസിംഹാസനങ്ങൾ ചില്ലറയല്ല. നല്ല പുളിച്ചതെറി പറയാനറിയാമെങ്കിൽത്തന്നെ ആളു പാതി ഒറ്റയാനായി എന്നാണു വയ്പ്. അതു കണ്ണുപൊട്ടുന്നതായിരിക്കണം. ഏതവനും ചൂളിപ്പോകണം; ലജ്ജിച്ചു തല താഴ്ത്തണം. അങ്ങനെയുള്ളവനെ ആരാണു പേടിക്കാത്തത്! എത്ര നല്ല പ്രൊഫഷനിലിരിക്കുന്ന ആളുമായിക്കൊള്ളട്ടെ, നന്നായി തെറി പറയാനറിയാമെങ്കിൽ ആളുകൾ അടുക്കാൻ മടിക്കും. അടുത്താൽത്തന്നെ സൂക്ഷിച്ചേ സംസാരിക്കൂ. അക്കൂട്ടരോട് ഫോണിൽ സംസാരിക്കാൻതന്നെ പലർക്കും പേടിയാണ്. ഇവർക്ക് ആരോഗ്യം ഒരു പ്രശ്നമേയല്ല. ചങ്കൂറ്റം മാത്രം മതി. വെറും വിരപോലിരിക്കുന്നവനും വലിയ തടിമാടന്മാരെ നാക്കിന്റെ ബലത്തിൽ തിരിച്ചോടിക്കുന്നു. ഇതേ നാണയത്തിൽ തിരിച്ചടിക്കാൻ കെല്പുള്ളവനു മാത്രം ഒത്താൽ പിടിച്ചുനില്ക്കാം.

ഇപ്പറഞ്ഞതെല്ലാം ഒറ്റയാന്റെ വിശേഷങ്ങൾ. എന്നാൽ, ഒറ്റയാൻ വേറെ; ഒറ്റപ്പെട്ടവൻ വേറെ. ഒറ്റപ്പെട്ടവന്റെ അവസ്ഥ പരിതാപകരം. അവന് ആരും തുണയില്ല. ഒറ്റയാനെയും ഒറ്റപ്പെട്ടവനെയും തിരിച്ചറിയണമെങ്കിൽ നല്ല മൗലികസിദ്ധി ആവശ്യമുണ്ട്. കാണുന്നവനോടെല്ലാം കൊമ്പുകോർത്തു മുട്ടാളനായി നടക്കുന്ന ഒറ്റയാനെവിടെ? എല്ലാവരാലും പരിത്യക്തനായി വിഷാദം പൂണ്ടുനടക്കുന്ന ഒറ്റപ്പെട്ടവനെവിടെ? ഒറ്റയാൻ ഭാവിയിൽ ഒറ്റപ്പെട്ടവനായിത്തീരാമെന്നൊരു വിദൂരസാധ്യത തള്ളിക്കളയുന്നില്ല. എന്നിരുന്നാലും നിലവിൽ ഒറ്റയാന്മാർ സ്വന്തം ശക്തിയിൽ അഹങ്കരിച്ചു മറ്റുള്ളവരെ പേടിപ്പിച്ചു കാര്യം കാണുന്നവരാണ്. നേരേമറിച്ച്, ഒറ്റപ്പെട്ടവന്റെ സങ്കടം തന്നോടു കൂട്ടുകൂടാൻ ആരുമില്ലല്ലോയെന്നുള്ളതാണ്.

ഇങ്ങനെയെല്ലാം ചിന്തിച്ചുപോയത് നമ്മുടെ പാവം കെ.മുരളീധരന്റെ കാര്യമോർത്താണ്. അദ്ദേഹമിപ്പോൾ വെറും ഒറ്റപ്പെട്ടവൻ. മുമ്പു ചിലപ്പോഴൊക്കെ ഒരു ഒറ്റയാന്റെ ശൗര്യം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും സ്ഥിതിയാകെ മാറിയിരിക്കുന്നു. ആരും കൂട്ടിനില്ലാത്ത അവസ്ഥ കഷ്ടം തന്നെ. ഒരിക്കൽ പിണറായി തുണയാകുമെന്നു നിനച്ചു, നടന്നില്ല. രമേശ് ഒരു കൈ സഹായിക്കുമെന്നു കരുതി. അതും നടന്നില്ല. അവസാനം സോണിയാജിയുടെ കാല്ക്കൽ പോയിപ്പോലും വീണു നോക്കി. പക്ഷേ, ചുമ്മാ ഡൽഹിക്കുപോയിട്ട് ഒരു കാര്യവുമില്ലെന്നാണു പി.പി.തങ്കച്ചൻ പറയുന്നത്. കാര്യങ്ങളൊക്കെ താനും രമേശും ഉമ്മനും കൂടിയത്രെ തീരുമാനിക്കുന്നത്. ഇനിയെന്തു ചെയ്യും? ഒരു മുൻ കെ.പി.സി.സി പ്രസിഡണ്ടാണെന്നോർക്കണം. യു.ഡി.എഫിൽ കയറിയിരുന്ന് ആളാകാൻ നോക്കാതെ മാതൃസംഘടനയായ കോൺഗ്രസിലേക്ക് ഒരു തരിപോലും കാണാനില്ലാതെ ഒറ്റയ്ക്കു ലയിക്കാൻ തയ്യാറാണെങ്കിൽ ആലോചിക്കാമെന്ന് കേന്ദ്രം അരസമ്മതം പറഞ്ഞിട്ടുണ്ടെന്നു കേൾക്കുന്നു. കോൺഗ്രസിലേക്കങ്ങനെ ഒന്നും നോക്കാതെ എടുത്തുചാടിയാൽ മുങ്ങിത്താഴുമോ പൊങ്ങിവരുമോയെന്നു ദൈവത്തിനറിയാം. മുരളീധരനെ ദൈവം രക്ഷിക്കട്ടെ! ⊙

# എല്ലാവർക്കും ഖദറിന്റെ ഒറ്റമുണ്ട്!

**ഈ** മുണ്ടിന്റെ പ്രാധാന്യത്തെക്കുറിച്ച് എത്ര പറഞ്ഞാലും നമ്മുടെ ആളുകൾക്കു മനസ്സിലാവുകയില്ല. രണ്ടാം മുണ്ടിനെ മാനിക്കുന്നവനും ഒന്നാംമുണ്ടിനു വില കല്പിക്കുന്നില്ല. ഉടുക്കാൻ ഒരു മുണ്ടു പോലുമില്ലായെന്നു പറയുന്നിടത്തുതന്നെ അതു വ്യക്തമാകും-മലയാളിയുടെ അറ്റകൈ വസ്ത്രമാണ് മുണ്ട്.

മുണ്ടിനെ ഇത്ര ലാഘവബുദ്ധിയോടെ കാണുന്നതുകൊണ്ടായിരിക്കണം, ശനിയാഴ്ചകളിൽ ജീവനക്കാർ കൈത്തറിയുടെയോ ഖാദിയുടെയോ മുണ്ടുടുത്തു വരണമെന്ന സർക്കാരിന്റെ അഭ്യർത്ഥന നിഷ്കരുണം അവർ തള്ളിയത്. ഖാദിമുണ്ടും സാരിയുമുടുപ്പിക്കാൻ പത്രങ്ങളിൽ ഫുൾപേജു പരസ്യം നല്കിയിട്ടും മിക്ക ഓഫീസുകളിലും രണ്ടോ മൂന്നോ ശതമാനം മാത്രമാണ് ഇതിനോടു സഹകരിച്ചതത്രെ.



എന്നാൽ മുണ്ടിത്ര മോശം സാധനമാണോ? മുണ്ടിന്റെ സൗകര്യം അത് അനുഭവിക്കുന്നവർക്കൊക്കെ അറിയാം. ഇത്ര വേഗം ചുറ്റാനും അഴിക്കാനും പറ്റിയ ഒരു വസ്ത്രം വേറെയില്ല. ഏതുരീതിയിലും പരിവർത്തനം ചെയ്യാവുന്ന ഒരപൂർവവസ്ത്രം. മാന്യമായി താഴ്ത്തിയിടാം, ചുണയോടെ മടക്കികുത്താം, കുറച്ചുകൂടി ധൈര്യമുണ്ടെങ്കിൽ കേറ്റിക്കുത്താം-അങ്ങനെ സൗകര്യങ്ങൾ പലതാണ്. വിപത്സന്ധികളിൽ മുണ്ടിനോളം സഹകരിക്കുന്ന ഒരു ഉടയാട വേറെയില്ല. പെട്ടെന്നൊരുവനെ പിടിച്ചുകെട്ടണമെങ്കിൽ ഇതു ധാരാളം. അതുപോലെ തന്നെ അപകടങ്ങളിൽ നിന്നു രക്ഷപ്പെട്ടു പായുമ്പോഴും, നീന്തിക്കുതിക്കുമ്പോഴും സ്വയം ഒഴിഞ്ഞുമാറി നമ്മോടു സഹകരിക്കുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളിൽ പാന്റിട്ടവൻ നേരിടുന്ന പ്രതിസന്ധിയുടെ കാഠിന്യം ഒന്നാലോചിച്ചു നോക്കൂ.

നമ്മൾ മാന്യമായി നടന്നാൽ മുണ്ടും നമ്മോട് മാന്യമായി സഹകരിക്കും. ലക്കുകെട്ട് വെളിവില്ലാതെ നടക്കുന്നവനോട് മുണ്ടു സഹകരിക്കണമെന്നില്ല. അഴിഞ്ഞുമാറി ഒഴിഞ്ഞുപോകും. ഈ മുണ്ട് എവിടെപ്പോയെന്നുപോലും നാം അതിശയിക്കും. കള്ളുകുടിയന്മാരെ കബളിപ്പിക്കുക ഈ മുണ്ടിന് ഒരു രസം തന്നെയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സർക്കാരിനും നമ്മൾ മുണ്ടുടുത്താൽ മാത്രം പോരാ; അതു കൈത്തറിയോ ഖദറോ ആയിരിക്കണമെന്നുകൂടി നിർബന്ധമുണ്ട്. കുറ്റം പറയാനൊക്കില്ല. നമ്മുടെ പരമ്പരാഗതവസ്ത്രമാണ്. ദേശീയോദ്ഗ്രഥനത്തെ വളർത്താനും അത്യുത്തമം. നമ്മുടെ നേതാക്കന്മാരൊക്കെ ഖദറിടുന്നത് അതിനുവേണ്ടിയാണോ, അതോ മുണ്ടുടുത്താലുള്ള നിരവധി സൗകര്യങ്ങൾ മാനിച്ചാണോയെന്നും അറിയില്ല. എന്തായാലും ഖദർ നല്ല സുതാര്യമായ വസ്ത്രമാണ്. പൊതുവെ എല്ലാവരുടെയും സുതാര്യത നഷ്ടപ്പെട്ട ഇക്കാലത്ത് ശനിയാഴ്ചയെങ്കിലും നല്ല സുതാര്യമായി ആൺ പെണ്ണടക്കം ജീവനക്കാർ മൊത്തം ഓഫീസിലിരിക്കുന്നത് എല്ലാംകൊണ്ടും നല്ലതുതന്നെ.

തീവ്രവാദവും മറ്റും കേരളത്തിലും വേരു പിടിച്ചതോടെ ഇനി പരിശോധനകൂടും. അതുകൊണ്ട് സൗകര്യം മാനിച്ച് എല്ലാവർക്കും ഖദറിന്റെ ഒറ്റമുണ്ട് മാത്രം മതിയെന്ന് ഗവൺമെണ്ട് ഒരു ഓർഡർ ഇടുന്നതുകൊണ്ടു കുഴപ്പമൊന്നും വരാനില്ല. അതുവഴി പരിശോധനയും ഒന്നുകൂടി എളുപ്പവും സുതാര്യവുമായിത്തീരും! ⊙

## മൊഴിയും മറുമൊഴിയും

### ചാണക്യൻ

ഗ്രാമങ്ങളിലും ദൂരസ്ഥലങ്ങളിലുമെത്തി കേസുകൾ തീർപ്പുകല്പിക്കാൻ മൊബൈൽ കോടതികൾ കേരളത്തിലും താമസിയാതെ പ്രവർത്തനം ആരംഭിക്കും.

*- പത്രവാർത്ത*

➢ **കള്ളന്മാർക്കും കൊലപാതകികൾക്കും പിടിച്ചുപറിക്കാർക്കും മറ്റും അങ്ങനെ വണ്ടിക്കൂലി ലാഭമായി.**

* * * * *

**സി.**പി.എമ്മിന്റെ പത്തനംതിട്ട മേഖലാറിപ്പോർട്ടിംഗ് നടന്ന ഹാളിൽ തറയിലാകെ പിണറായി വിജയനെതിരായ മുദ്രാവാക്യമെഴുത്ത്.

*- പത്രറിപ്പോർട്ട്*

➢ **അഴിമതി നമുക്കു തുടച്ചുനീക്കാം. പക്ഷേ, തറയിലെഴുത്തും തലയിലെഴുത്തും...?**

* * * * *

**റേഷൻ**കടക്കാരനിൽ നിന്നു കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ താലൂക്ക് സപ്ലൈ ഓഫീസർ അബ്ദുൾ റഷീദ് കളക്ടർ രൂപീകരിച്ച അഴിമതിവിരുദ്ധ വിഭാഗത്തിന്റെ തലവന്മാരിലൊരാൾ.

*- പത്രറിപ്പോർട്ട്*

➢ **'സബ്ജക്ട്' നന്നായി പഠിച്ചയാളെ വേണമല്ലോ തലവനാക്കാൻ.**

* * * * *

**തൊഴിൽ** നിഷേധിക്കപ്പെടുന്ന കേരളത്തിലെ യുവാക്കളുടെ കണ്ണീരിനെപ്പറ്റി ധനമന്ത്രി തോമസ് ഐസക്കിന് ഒന്നുമറിയില്ലെന്നു യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് എം.ലിജു.

➢ **ഭരണം കിട്ടുന്നതുവരെ കണ്ണീരും ഭരണം കിട്ടിക്കഴിഞ്ഞാൽ കണ്ണീർവാതകവുമാണു പൊതുവെ നമ്മുടെ നേതാക്കൾക്കു പ്രിയം.**

* * * * *

ജനതാദളിനെ യുഡിഎഫിൽ പ്രവേശിപ്പിക്കുന്നതിനോടു യോജിപ്പാണെങ്കിലും എൻസിപിയെ ഒരു കാരണവശാലും മുന്നണിയിൽ എടുക്കാൻ സമ്മതിക്കില്ലെന്നു കെപിസിസി പ്രസിഡണ്ട് രമേശ് ചെന്നിത്തല.

➢ **സ്വർഗത്തിൽ കഴിയുന്ന ചെന്നിത്തലയ്ക്കറിയുവോ നരകത്തിലെയും ശുദ്ധീകരണസ്ഥലത്തിലെയും വേദനയുടെ പാരമ്യം?**

* * * * *

രണ്ടു പതിറ്റാണ്ടിലേറെയായി പാർട്ടിയിൽ തുടരുന്ന വിഭാഗീയതയുടെ ഒരു വശത്ത് എപ്പോഴും വി.എസ്.അച്യുതാനന്ദൻ ഉണ്ടായിരുന്നതായി മന്ത്രി തോമസ് ഐസക്ക്.

➢ **രണ്ടു പതിറ്റാണ്ടുനിന്നു വെറുതെ വശം കെട്ടതു മിച്ചം എന്നാണു മന്ത്രിവക പുഴുങ്ങിയ ചിരിയുടെ അർത്ഥം.**

* * * * *

**സ്വാ**ശ്രയ വിദ്യാഭ്യാസ മാനേജുമെണ്ടുകളെ സർക്കാർ ഒളിഞ്ഞും തെളിഞ്ഞും സഹായിക്കുന്നതായി ജനങ്ങൾക്കു സംശയമുണ്ടെന്ന് ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി സി.ദിവാകരൻ.

➢ **ബേബിമന്ത്രിയുടെ 'എം.എ' മാനേജുമെണ്ട് അസോസിയേഷന്റെ ചുരുക്കെഴുത്തെന്നു പറയാമോ ദിവാകരാ?**

* * * * *

**എൻ.**സി.പി ഒറ്റയ്ക്കു മത്സരിക്കുമെന്നു കെ.മുരളീധരൻ.

➢ **മുങ്ങുന്നതിലും ഭേദം മുങ്ങാംകുഴിയിടുന്നതു തന്നെ.**

* * * * *




# പാണ്ഡവർക്ക് അർധരാജ്യം ഖാണ്ഡവപ്രസ്ഥം തലസ്ഥാനം

**സവ്യസാചി**



**ജിജ്ഞാസുവായ യുധിഷ്ഠരൻ സുന്ദോപസുന്ദന്മാരുടെ കഥ പറഞ്ഞുതരണമെന്നു നാരദമുനിയോടപേക്ഷിച്ചു. നാരദൻ അക്കഥ ചുരുക്കിപ്പറഞ്ഞു.**

ഭീഷ്മരും ദ്രോണരും പറഞ്ഞതെന്തോ, അതാണ്, അതുമാത്രമാണു കുരുവംശത്തിനു ശ്രേയസ്ക്കരം എന്ന അഭിപ്രായമാണു വിദുരർക്കും ഉണ്ടായിരുന്നത്. അവരെക്കാൾ ജ്ഞാനികളും ബുദ്ധിശാലികളുമായി മറ്റാരാണുള്ളത് എന്നു ധൃതരാഷ്ട്രരോടു വിദുരർ ചോദിച്ചു. അവരുടെ അഭിപ്രായം ധിക്കരിക്കുന്നവർ കുരുവംശത്തിന്റെ നന്മ ആഗ്രഹിക്കാത്തവരാണ്.

വിദുരർ തുടർന്നു: അല്ലയോ ജ്യേഷ്ഠാ, നിന്റെ മക്കളും മന്ത്രിമാരും ശ്രേയസ്സെന്തെന്നു മനസ്സിലാക്കാൻ കഴിവില്ലാത്തവരായിരിക്കുന്നു. പാണ്ഡവരും ദുര്യോധനാദികളും നിനക്കൊരുപോലെയാണ്. അവരുടെ നന്മ ആഗ്രഹിക്കുന്നവരാണു ഭീഷ്മരും ദ്രോണരും. അതല്ല, യുദ്ധം ചെയ്തു പാണ്ഡവരെ നശിപ്പിക്കാം എന്നു പകൽക്കിനാവു കാണുന്നവർ ആത്മഹത്യ ചെയ്യാനാണു വഴി പറഞ്ഞുതരുന്നത്. അർജ്ജുനനെ പോരിൽ ജയിക്കാൻ ദേവന്മാർക്കുപോലും സാധ്യമല്ല. പിന്നെയാണോ നിന്റെ മക്കളും അവരുടെ കൂട്ടുകാരൻ കർണനും? പതിനായിരം ആനകളുടെ ബലമുള്ള ഭീമസേനനെ തോല്പിക്കാമെന്നു കരുതുന്നവരെ പമ്പരവിഡ്ഢികളെന്നല്ലേ വിളിക്കാനാവൂ? നകുലസഹദേവന്മാരും രണശൂരന്മാർ തന്നെ. ഇവരുടെ ജ്യേഷ്ഠനായ ധർമപുത്രരെ ജയിക്കാൻ, ഇനിപ്പറയൂ, ആർക്കു കഴിയും?

ബലരാമൻ പാണ്ഡവരെ സഹായിക്കും. കൃഷ്ണനാകട്ടെ അവർക്കു മന്ത്രിയാണ്. സാത്യകിയും കൃതവർമാവുമൊക്കെ പാണ്ഡവപക്ഷത്തല്ലേ നില്ക്കൂ? പാണ്ഡവരുടെ ശ്വശുരനാണു പാഞ്ചാല രാജാവ്. അദ്ദേഹത്തിന്റെ ധൃഷ്ട ദ്യുമ്നൻ തുടങ്ങിയ മഹാപരാക്രമികളായ പുത്രന്മാരും അക്കൂട്ടത്തിലല്ലേ ഉണ്ടാവൂ? ശ്രീകൃഷ്ണൻ എവിടെ നില്ക്കുന്നോ അവിടെയേ വിജയമുണ്ടാവൂ.

പുരോചനൻ രാജസ്ഥാനത്തിനു കളങ്കം ചാർത്തി. പാണ്ഡവരുടെ അനുഗ്രഹംകൊണ്ടു നമുക്കതു കഴുകിക്കളയാം. പാണ്ഡവർ ജീവിച്ചിരിക്കുന്നതറിഞ്ഞു ഹസ്തിനപുരവാസികൾ ഒന്നടങ്കം അവരെ കാണാൻ കൊതിക്കുന്നു. കർണൻ, ശകുനി, സുബലൻ തുടങ്ങിയവരുടെ ദുരുപദേശങ്ങൾ കേട്ടു ദുര്യോധനൻ ചെയ്തേക്കാനിടയുള്ള തെറ്റുകൾ കൊണ്ട് ഈ കുലം മുടിയാൻ ഇടയാക്കരുത്. വിദുരർ പറഞ്ഞുവച്ചു.

ഇത്രയുമായപ്പോൾ ധൃതരാഷ്ട്രരുടെ മനസ്സുമാറി. വല്യച്ഛനും ദ്രോണഗുരുവും അനുജനും ഒരേ സ്വരത്തിൽ സംസാരിച്ചപ്പോൾ അദ്ദേഹത്തിനു മറുത്തു ചിന്തിക്കാനായുമില്ല. പാണ്ഡവരും കൗരവരും തനിക്കൊരുപോലെയാണെന്നു ഭംഗിവാക്കും പറഞ്ഞു. അതോടൊപ്പം വിദുരരോട് പാഞ്ചാലരാജ്യത്തു ചെന്നു പാണ്ഡവരെ കുന്തിയോടും കൃഷ്ണയോടുമൊപ്പം കൂട്ടിക്കൊണ്ടു വരാൻ കല്പിക്കുകയും ചെയ്തു.

അടുത്തദിവസം തന്നെ വിദുരർ പാഞ്ചാലദേശത്തേക്കു പുറപ്പെട്ടു. പാണ്ഡവർക്കും പാഞ്ചാലിക്കും കുന്തിക്കും രാജാവിനും രാജകുമാരന്മാർക്കുമൊക്കെ ധാരാളം സമ്മാനങ്ങളും കരുതിയിരുന്നു. ബലരാമനും ശ്രീകൃഷ്ണനും പാണ്ഡവരോടൊപ്പം ഉണ്ടായിരുന്നു. അവരെല്ലാവരെയും ഹസ്തിനപുരവിശേഷങ്ങൾ എല്ലാമറിയിച്ചശേഷം ധൃതരാഷ്ട്രർ പാണ്ഡവരോടു ഹസ്തിനപുരത്തേക്കു ചെല്ലാൻ കല്പിച്ചിരുന്ന കാര്യവും അറിയിച്ചു. ഭീഷ്മരും ദ്രോണരും അതുതന്നെയാണഗ്രഹിക്കുന്നതെന്നും വിദുരർ കൂട്ടിച്ചേർത്തു.

ദ്രുപദന്റെ അനുവാദത്തോടുകൂടിയേ ഹസ്തിനപുരത്തേക്കു മടങ്ങിപ്പോകൂ എന്നു യുധിഷ്ഠരൻ പറഞ്ഞു. ദ്രുപദനാകട്ടെ, അവരെ വിട്ടുപിരിയാൻ മനസ്സില്ലായിരുന്നെങ്കിലും ഭീഷ്മരുടെയും ധൃതരാഷ്ട്രരുടെയും ആഗ്രഹത്തിനു എതിരു നില്ക്കുന്നതു ശരിയല്ലല്ലൊ എന്നു പറഞ്ഞുകൊണ്ടു യാത്രാനുമതി നല്കി. ശ്രീകൃഷ്ണനും അതേ അഭിപ്രായം തന്നെയായിരുന്നു.

പിറ്റേന്ന് എല്ലാവരുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി, പാണ്ഡവർ പാഞ്ചാലിയോടും അമ്മയോടുമൊപ്പം ഹസ്തിനപുരത്തേക്കു തിരിച്ചു. ഒപ്പം ശ്രീകൃഷ്ണനും പുറപ്പെട്ടു.

ഹസ്തിനപുരത്തിലെത്തിയപ്പോൾ ആയിരകണക്കിനു നഗരവാസികൾ തങ്ങളുടെ പ്രിയപ്പെട്ട രാജകുമാരന്മാരെയും രാജമാതാവിനെയും പുതിയ വധുവിനെയും ആഹ്ലാദപൂർവം വരവേറ്റു. ദ്രോണാചാര്യരും മന്ത്രിമാരും ചില ദുര്യോധനസഹോദരന്മാരും കൊട്ടാരവാതില്ക്കൽ അവരെ എതിരേറ്റു. കർണനെയും ദുര്യോധനനെയും അവിടെയെങ്ങും കാണാനുണ്ടായിരുന്നില്ല. അതുപോലെ തന്നെ ശകുനിയും ദുശ്ശാസനനും അവരുടെ കണ്ണിൽപെടാതെ നടന്നു. തങ്ങളുടെ അഭിപ്രായങ്ങൾ അവഗണിച്ചുകൊണ്ടാണല്ലൊ രാജാവു പാണ്ഡവരെ ഇങ്ങോട്ട് എഴുന്നെള്ളിച്ചിരിക്കുന്നത്. അതൃപ്തി പുറത്തു പ്രകടിപ്പിക്കാൻ വയ്യാതെ അവർ ഒളിച്ചുനടന്നു.

ഏതാനും ദിവസം കഴിഞ്ഞപ്പോൾ ധൃതരാഷ്ട്രരും ഭീഷ്മരും കൂടി പാണ്ഡവരെ അരികിൽ വിളിച്ച് ഇങ്ങനെ പറഞ്ഞു: യുധിഷ്ഠിരാ, എനിക്കു നിങ്ങളോടൊരു കാര്യം പറയാനുണ്ട്. എന്റെ മക്കളും നിങ്ങളും എനിക്കൊരുപോലെയാണ്. എന്റെ മക്കളെപ്പോലെ നിങ്ങളും രാജ്യത്തിനവകാശികളുമാണ്. ഭീഷ്മപിതാമഹനും അതുതന്നെ പറയുന്നു. അതുകൊണ്ട് രാജ്യം ഞാൻ രണ്ടായി വിഭജിക്കുന്നു. അതു സ്വീകരിച്ച് ഖാണ്ഡവപ്രസ്ഥം തലസ്ഥാനമാക്കി നിങ്ങൾ താമസിച്ചുകൊള്ളുക. ഇനി കൂടപ്പിറപ്പുകൾ തമ്മിൽ രാജ്യത്തിനുവേണ്ടി വഴക്കും പിണക്കവും ഉണ്ടാകേണ്ട.

ആരും വിസമ്മതം പറഞ്ഞില്ല. മൂത്തച്ഛന്റെയും വല്യച്ഛന്റെയും അഭിപ്രായങ്ങൾക്കെതിരുനില്ക്കാൻ പാണ്ഡവർക്കു കഴിയില്ലല്ലൊ. ഒപ്പമുണ്ടായിരുന്ന ശ്രീകൃഷ്ണനും ഈ നിർദേശം സ്വീകാര്യമായിരുന്നു. അവർ ഒട്ടും വൈകാതെ ഖാണ്ഡവപ്രസ്ഥത്തിലേക്കു തിരിച്ചു.

ഖാണ്ഡവപ്രസ്ഥം പൊതുവെ കാടു പിടിച്ച പ്രദേശമായിരുന്നു. അവിടമെല്ലാം വെട്ടിത്തെളിച്ചു കൊട്ടാരം നിർമിച്ച് പാണ്ഡവർ താമസമാക്കി. കോട്ട കൊത്തളങ്ങളും കിടങ്ങുകളും നിർമിച്ചു കൊട്ടാരത്തിനു സുരക്ഷയും ഉറപ്പാക്കി. ചുറ്റിലും മനോഹരമായ ഉദ്യാനങ്ങളും ഉപവനങ്ങളും നിർമിച്ചു രാജനഗരി പ്രകൃതിരമണീയമാക്കി. വ്യാസമഹർഷി നേരിട്ടെത്തി പൂജാദികർമങ്ങൾ നിർവഹിച്ചു. എല്ലാവരും സന്തുഷ്ടരായി കഴിയുന്നതിനിടയിൽ ബലരാമനും ശ്രീകൃഷ്ണനും പാണ്ഡവരോട് യാത്രചൊല്ലി ദ്വാരകയിലേക്കു പോവുകയും ചെയ്തു.

അങ്ങനെയെരിക്കെ ഒരു ദിവസം നാരദമഹർഷി കൊട്ടാരത്തിലെത്തി. യുധിഷ്ഠരനും സഹോദരന്മാരും കുന്തിയും പാഞ്ചാലിയും ഭക്ത്യാദരങ്ങളോടെ ദേവമഹർഷിയെ സ്വീകരിച്ചു സത്ക്കരിച്ചു. യുധിഷ്ഠരൻ ധർമാനുസൃതം രാജ്യഭരണം നടത്തുന്നതും ജനങ്ങളെല്ലാം സന്തുഷ്ടരായി കഴിയുന്നതും മനസ്സിലാക്കി അദ്ദേഹം സംതൃപ്തി കൊണ്ടു.

എങ്കിലും അദ്ദേഹം അവർക്കൊരു മുന്നറിയിപ്പു നല്കി. നിങ്ങൾ അഞ്ചുപേരും പാഞ്ചാലിയെ ഭാര്യയായി സ്വീകരിച്ചിരിക്കുകയാണ്. വേണ്ടത്ര കരുതലോടെ മുന്നോട്ടു പോയില്ലെങ്കിൽ ഭാവിയിൽ പ്രശ്നങ്ങളുണ്ടാകാം. ലോകത്തു പ്രശ്നങ്ങളുണ്ടാകുന്നതു പൊതുവെ കനകത്തിന്റെയും കാമിനിയുടെയും പേരിലാണ്. ഇവിടെ കാമിനിയാണു നിർണായക ഘടകം. അതുകൊണ്ടു കൃത്യമായ ചില വ്യവസ്ഥകൾ ഇക്കാര്യത്തിൽ ആവശ്യമായിരിക്കുന്നു. സുന്ദോപസുന്ദന്മാർക്കുണ്ടായ ആപത്ത് ഇക്കാര്യത്തിൽ നമുക്കൊരു പാഠമാകേണ്ടതാണ്.

അതുകേട്ടു ജിജ്ഞാസുവായ യുധിഷ്ഠരൻ സുന്ദോപസുന്ദന്മാരുടെ കഥ പറഞ്ഞുതരണമെന്നു നാരദമുനിയോടപേക്ഷിച്ചു.

നാരദൻ അക്കഥ ചുരുക്കിപ്പറഞ്ഞു: സഹോദരങ്ങളായ സുന്ദനും ഉപസുന്ദനും ഒരുമിച്ചു നിന്ന കാലത്തു ലോകം മുഴുവൻ അവരുടെ കാല്ക്കീഴിൽ വന്നു. അവരെ വധിക്കാൻ അവർക്കു തമ്മിലല്ലാതെ മറ്റാർക്കും കഴിയരുതെന്ന് അവർ വരം വാങ്ങിയിരുന്നു.

ഈ ദുഷ്ടസഹോദരന്മാരെക്കൊണ്ടു ജനങ്ങളും ദേവകളും പൊറുതിമുട്ടിയപ്പോൾ ബ്രഹ്മാവിന്റെ നിർദേശമനുസരിച്ചു വിശ്വകർമാവു തിലോത്തമയെന്ന സുന്ദരിയെ സൃഷ്ടിച്ചു. ബ്രഹ്മാവ് അവളെ സുന്ദോപസുന്ദന്മാരുടെ അടുത്തേക്കയച്ചു. തിലോത്തമയെക്കണ്ടു മനം മയങ്ങിയ അവർ ദേവസുന്ദരിയെ ഭാര്യയാക്കാൻ മത്സരിച്ചു. വഴക്കു മൂർച്ഛിച്ചു പരസ്പരം ഏറ്റുമുട്ടി മരിച്ചുവീണു.

അതുകൊണ്ട് പാഞ്ചാലിയുടെ കാര്യത്തിലും ഒരു വ്യവസ്ഥ വേണം-ദേവർഷി പറഞ്ഞു. അതു പാണ്ഡവർക്കും സമ്മതമായി. മൂപ്പുമുറയ്ക്കു യുധിഷ്ഠരൻ മുതൽ ഓരോരുത്തരോടൊപ്പം ഓരോ വർഷം പാഞ്ചാലി ഭാര്യയായി കഴിയണം. അക്കാലത്ത് ഭർത്താവിനെയും ഭാര്യയെയും അവർ ഒരുമിച്ചായിരിക്കെ ആരെങ്കിലും കാണാനിടയായാൽ അയാൾ ഒരു വർഷം വനവാസം അനുഷ്ഠിക്കണം.

വ്യവസ്ഥകൾ എല്ലാവർക്കും സ്വീകാര്യമായിരുന്നു. നാരദമഹർഷി അവരുടെ പൂജാസത്ക്കാരങ്ങൾ സ്വീകരിച്ചു സന്തുഷ്ടനായി യാത്രപറഞ്ഞു മടങ്ങുകയും ചെയ്തു.

*(തുടരും)*

CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

## (19-25 ജൂലൈ 2009)

പി. ആർ.



## കേരളം

19. താൻ ജനിക്കുന്നതിനുമുമ്പേ പാർട്ടി അംഗമായ വി.എസിനെ സംഘടനയുടെ ബാലപാഠങ്ങൾ പഠിപ്പിക്കേണ്ടതില്ലെന്ന്, പി.ബി. തീരുമാനം വിശദീകരിച്ചുകൊണ്ടുള്ള തിരുവനന്തപുരത്തെ മൂന്നാമത്തെയും അവസാനത്തെയും മേഖലാറിപ്പോർട്ടിംഗിൽ പ്രകാശ് കാരാട്ട്.



• പുസ്തകങ്ങൾ വിറ്റഴിച്ചതിനുശേഷം റോയൽറ്റി തുക എന്ന നിലവിലെ വ്യവസ്ഥമാറ്റി, എഴുത്തുകാരുടെ ക്ഷേമം മുൻനിർത്തി മുൻകൂറായി നിശ്ചിതതുക റോയൽറ്റി നല്കാൻ സാഹിത്യപ്രവർത്തക സഹകരണസംഘത്തിന് നിർദേശം നല്കിയതായി സഹകരണമന്ത്രി ജി. സുധാകരൻ.



20. ഉന്നതവിദ്യാഭ്യാസമേഖലയിലെ സ്വകാര്യവത്ക്കരണം ക്യാമ്പസുകളിൽ റാഗിംഗ് വർധിക്കുന്നതിന് വഴിവച്ചതായി ഹൈക്കോടതി ചീഫ് ജസ്റ്റിസ് എസ്.ആർ.ബന്നൂർമഠ്.

• അതിരുകടന്ന രാഷ്ട്രീയ കൈകടത്തലുകൾ മൂലം സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങൾ ശ്വാസംമുട്ടി മരിക്കുകയാണെന്ന് ഹൈക്കോടതി നിരീക്ഷണം.

21. കണ്ണൂർ സർവകലാശാലയിൽ ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതിൽ പ്രതിഷേധിച്ച് ഡോ.എം.ജി.എസ്.നാരായണൻ ഉൾപ്പെടെ ഏഴുപേർ കൂടി രാജിവച്ചതോടെ ഈ പ്രശ്നത്തിന്റെ പേരിൽ രാജിവച്ച ഫാക്കൽറ്റി അംഗങ്ങളുടെ എണ്ണം 20 ആയി.

• സ്വാതന്ത്ര്യസമരസേനാനിയും ആദ്യകാല കമ്യൂണിസ്റ്റു നേതാവുമായിരുന്ന പയ്യരട്ട രാമൻ (92) അന്തരിച്ചു.

22. കെട്ടിടനികുതി ഭേദഗതി നിയമത്തിന്റെ ചട്ടമുണ്ടാക്കാതെ നികുതി വർധിപ്പിച്ച് ഉത്തരവിറക്കിയ സർക്കാർ നടപടി ഭരണഘടനയുടെ ആർട്ടിക്കിൾ 265 പ്രകാരം നിയമവിരുദ്ധമാണെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.



• മൂന്നാർ ദൗത്യത്തിന്റെ ഭാഗമായി മൂന്നാർവുഡ്സ് റിസോർട്ട് പിടിച്ചെടുത്ത സർക്കാർ നടപടി റദ്ദാക്കിയ ഹൈക്കോടതി, അന്നത്തെ ഇടുക്കി കളക്ടറായിരുന്ന രാജു നാരായണസ്വാമി 15,000 രൂപ കോടതിച്ചെലവ് നല്കണമെന്നും വിധിച്ചു.

23. ഇന്ത്യയിലെ 54 കോടി യുവജനങ്ങൾ മികച്ച സംഭാവന നല്കിയാൽ 2020 നു മുമ്പുതന്നെ രാജ്യം വികസിതമാകുമെന്നു മുൻ രാഷ്ട്രപതി എ.പി.ജെ.അബ്ദുൾ കലാം.



• സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളെ വഴിവിട്ട രീതിയിൽ സംസ്ഥാന സർക്കാർ ഒളിഞ്ഞും തെളിഞ്ഞും സഹായിക്കുന്നതായി പൊതുജനങ്ങളിൽ സംശയം ബലപ്പെട്ടുവെന്ന് എ.ഐ.എസ്.എഫ്.സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഭക്ഷ്യമന്ത്രി സി.ദിവാകരൻ.



24. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ ആത്മകഥ, 'വാണ്ടറിംഗ് ഇൻ മെനി വേൾഡ്സ്' മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം, ഹൈക്കോടതി ചീഫ് ജസ്റ്റിസ് ബന്നൂർ മഠിന് ആദ്യപ്രതി നല്കി പ്രകാശനം ചെയ്തു.

• മന്ത്രിസഭയുടെ അനുമതി ഇല്ലാതെയാണു പുതിയ സ്വാശ്രയകരാറിൽ ഒപ്പുവച്ചതെന്നു മന്ത്രി ബിനോയ് വിശ്വം.



• തദ്ദേശസ്ഥാപനങ്ങളിലെ 26 വാർഡുകളിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് 19ഉം എൽഡിഎഫ് ആറും ബിജെപി ഒന്നും സീറ്റു നേടി.

25. ക്രമക്കേടും അഴിമതിയും ആരോപിക്കപ്പെട്ടതിനെത്തുടർന്ന് 2005ൽ എം.ജി.സർവകലാശാല നടത്തിയ അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷയുടെ റാങ്കുലിസ്റ്റിലെ ആദ്യ 5000 ഉദ്യോഗാർത്ഥികൾക്കായി വീണ്ടും എഴുത്തുപരീക്ഷ നടത്താൻ സിൻഡിക്കേറ്റ് തീരുമാനം.

• കേരളത്തിലെ കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്ന ആസിയാൻ കരാറിൽനിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി.



## ദേശീയം

19. കേന്ദ്രസർക്കാർ സർവീസിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജോലിക്കുള്ള പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും പെൺകുട്ടികൾക്കുള്ള ഫീസ് പൂർണമായും ഒഴിവാക്കുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.

• കേന്ദ്രമന്ത്രിയും പ്രമുഖ ശാസ്ത്രജ്ഞനുമായിരുന്ന എം.ജി.കെ.മേനോന്റെ സഹോദരനും രണ്ടാം ഇ.എം.എസ് മന്ത്രിസഭയുടെ കാലത്തു കേരളത്തിലെ ചീഫ് സെക്രട്ടറിയുമായിരുന്ന എം.ഗോപാലമേനോൻ (89) ന്യൂഡൽഹിയിലെ വസതിയിൽ അന്തരിച്ചു.

20. നവംബർ 26ന് മുംബൈയിൽ ആക്രമണം നടത്തിയ പത്തുപേരിൽ പിടിയിലായ തീവ്രവാദി അജ്മൽ ആമിർ കസബ്, ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ വധിച്ചത് താനാണെന്ന് കോടതിയിൽ കുറ്റസമ്മതം നടത്തി.



• ആറു മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ അവകാശ ബിൽ രാജ്യസഭ പാസ്സാക്കി.

21. ഏപ്രിൽ 24ന് ന്യൂയോർക്കിലേക്കു പോകുന്നതിനായി ഡൽഹി രാജ്യാന്തര വിമാനത്താവളത്തിലെത്തിയ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ അമേരിക്കൻ വിമാനക്കമ്പനിയായ കോണ്ടിനെന്റൽ എയർലൈൻസിന്റെ സുരക്ഷാ ഉദ്യോഗസ്ഥർ ദേഹപരിശോധനയ്ക്ക് വിധേയനാക്കിയത് വിവാദമായതിനെത്തുടർന്ന് വിമാനക്കമ്പനിക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

• പ്രധാനമന്ത്രി മൻമോഹൻസിംഗ്, യുപിഎ അധ്യക്ഷ സോണിയാ ഗാന്ധി, ആഭ്യന്തരമന്ത്രി പി.ചിദംബരം എന്നിവർക്കെതിരെ നക്സൽ നേതാവ് അനുപ് മുഖർജി പത്രക്കുറിപ്പിലൂടെ വധഭീഷണി ഉയർത്തി.

• പ്രശസ്ത ഹിന്ദുസ്ഥാനി സംഗീതജ്ഞ ഗംഗുബായ് ഹംഗൽ (97) ഹുബ്ലിയിൽ അന്തരിച്ചു.



• അഞ്ചുദിവസത്തെ ഇന്ത്യൻ പര്യടനം പൂർത്തിയാക്കി യു.എസ്. വിദേശകാര്യ സെക്രട്ടറി ഹിലാരി ക്ലിന്റൻ തായ്‌ലൻഡിലേക്കു പോയി.

22. എ.പി.ജെ.അബ്ദുൾ കലാമിനെ ദേഹപരിശോധന നടത്തിയതിൽ തങ്ങൾ അദ്ദേഹത്തോടും ഇന്ത്യൻ ജനതയോടും മാപ്പുചോദിക്കുന്നതായി അമേരിക്കൻ വിമാനക്കമ്പനിയായ കോണ്ടിനെന്റൽ എയർലൈൻസ്.

• 2008 സെപ്റ്റംബർ 19ന് നടന്ന ജാമിയനഗർ ഏറ്റുമുട്ടലിൽ ഡൽഹി പോലീസിനു വീഴ്ച പറ്റിയിട്ടില്ലെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഹൈക്കോടതിക്കു റിപ്പോർട്ടു നല്കി.

23. മുംബൈ ഭീകരാക്രമണ കേസിൽ കുറ്റം സമ്മതിച്ച പാകിസ്ഥാൻ തീവ്രവാദി അജ്മൽ ആമിർ കസബിനെ പരസ്യമായി തൂക്കിക്കൊല്ലണമെന്ന് ബാൽ താക്കറെ.



• വി.എച്ച്.പി. ദേശീയ വൈസ് പ്രസിഡണ്ട് ഓംകാർ ഭാവെ (85) ന്യൂഡൽഹിയിൽ അന്തരിച്ചു.

24. ആസൂത്രണ കമ്മീഷൻ സെക്രട്ടറിയായി സുധാപിള്ള ഐ.എ.എസിനെ നിയമിച്ചു.

• ഗുജറാത്ത് കലാപക്കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘത്തിന്റെ ചോദ്യം ചെയ്യലിൽനിന്ന് മുഖ്യമന്ത്രി നരേന്ദ്രമോഡി ഉൾപ്പെടെ 62 പേരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഹർജി ഹൈക്കോടതി തള്ളി.

• ദക്ഷിണപൂർവേഷ്യൻ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് 300 കാർഷിക ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ അനുമതി നല്കുന്ന ആസിയാനുമായി സ്വതന്ത്രവ്യാപാര കരാറിനു കേന്ദ്രമന്ത്രിസഭ അനുമതി നല്കി.

25. മലയാളിയായ വൈസ് അഡ്മിറൽ കെ.എൻ.സുശീലിനെ ദക്ഷിണനാവിക കമാൻഡ് മേധാവിയായി നിയമിച്ചു.

• അതിർത്തി രക്ഷാസേന (ബി.എസ്.എഫ്.)യിൽ പരിശീലനം പൂർത്തിയാക്കിയ ആദ്യ വനിതാ കോൺസ്റ്റബിൾ ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡ് പഞ്ചാബിലെ ഹോഷിയാർപൂരിൽ നടന്നു.

• ഇന്ദിരാഗാന്ധി സമാധാനപുരസ്കാരം ന്യൂഡൽഹിയിൽ രാഷ്ട്രപതി പ്രതിഭാപാട്ടീൽ മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സിന് സമ്മാനിച്ചു.

• കാർഗിൽ യുദ്ധം പാകിസ്ഥാനെ സംബന്ധിച്ച് വൻ വിജയമായിരുന്നു എന്ന പർവേസ് മുഷറഫിന്റെ വാദം തികച്ചും അടിസ്ഥാന രഹിതമാണെന്ന് യുദ്ധകാലത്തെ ഇന്ത്യൻ കരസേന മേധാവി ജനറൽ വി.പി.മാലിക്.

• മുൻ പ്രധാനമന്ത്രി വി.പി.സിംഗ് സ്ഥാപിച്ച ജനമോർച്ച ഉത്തർപ്രദേശിലെ ലക്നൗവിൽ നടന്ന സമ്മേളനത്തിൽ കോൺഗ്രസിൽ ലയിച്ചു.



## വിദേശം

19. പുലിസ്റ്റർ അവാർഡ് ജേതാവും ഐറിഷ്-അമേരിക്കൻ സാഹിത്യകാരനുമായ ഫ്രാങ്ക് മക്കോർട്ട് (78) ന്യൂയോർക്കിലെ മാൻഹാട്ടനിൽ അന്തരിച്ചു.



• വടക്കുപടിഞ്ഞാറ് ആഫ്രിക്കൻ രാജ്യമായ മൗറിത്താനിയയിൽ പട്ടാള ഭരണത്തലവൻ ജനറൽ മുഹമ്മദ് ഔൾസ് അബ്ദൽ അസീസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ വിജയിച്ചതായി ഔദ്യോഗിക പ്രഖ്യാപനം.

20. ചൊവ്വയിൽ മനുഷ്യനെ എത്തിക്കുക എന്നതായിരിക്കണം അമേരിക്കയുടെ അടുത്ത ബഹിരാകാശ ലക്ഷ്യമെന്ന് ആദ്യ ചന്ദ്രയാത്ര സംഘാംഗങ്ങളായ നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ, മൈക്കൽ കോളിൻസ് എന്നിവർ സംയുക്തമായി അഭിപ്രായപ്പെട്ടു.

• അഫ്ഗാനിസ്ഥാനിലെ ഫെറാ പ്രവിശ്യയിൽ നാറ്റോ സൈനികരെ ലക്ഷ്യമാക്കി താലിബാൻ തീവ്രവാദികൾ സ്ഥാപിച്ച ബോംബ് പൊട്ടി പന്ത്രണ്ട് നാട്ടുകാരും നാറ്റോ സേനാംഗങ്ങൾ കയറിയ യുദ്ധവിമാനം കാണ്ഡഹാറിലെ വ്യോമസേനാകേന്ദ്രത്തിനടുത്ത് തകർന്നുവീണ് 16 സൈനികരും കൊല്ലപ്പെട്ടു.

21. പെറു മുൻ പ്രസിഡണ്ട് ആൽബർട്ടോ ഫ്യുജിമോറിയെ സാമ്പത്തിക ക്രമക്കേടു കേസിൽ ഏഴരവർഷത്തെ തടവിന് ശിക്ഷിച്ചു.

• ജപ്പാൻ പ്രധാനമന്ത്രി താരോ അസോ പാർലമെണ്ട് പിരിച്ചുവിട്ട് പ്രതിനിധി സഭയിലേക്ക് ആഗസ്ത് മുപ്പതിന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു.



22. 2007 നവംബറിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിന്, ചീഫ് ജസ്റ്റിസ് ഇഫ്തികർ ചൗധരിയുടെ നേതൃത്വത്തിലുള്ള 14 അംഗ പാകിസ്ഥാൻ സുപ്രീം കോടതി ബഞ്ച് മുൻ പ്രസിഡണ്ട് പർവേസ് മുഷറഫിനോട് വിശദീകരണം ആവശ്യപ്പെട്ടു.

• 65 വയസ്സു കഴിഞ്ഞവർ, 12 വയസ്സിൽ താഴെയുള്ളവർ, ഗുരുതരമായ രോഗമുള്ളവർ എന്നിവർക്ക് ഹജ് തീർത്ഥാടനത്തിന് അനുമതി നല്കേണ്ടെന്ന് അറബ് ആരോഗ്യ മന്ത്രിമാരുടെ യോഗം.

23. ബംഗ്ലാദേശിൽ ഡൈ എത്തിലീൻ ഗ്ലൈക്കോൾ അമിതമായി കലർന്ന പാരസെറ്റമോൾ സിറപ്പ് കഴിച്ച 23 കുട്ടികൾ മരിച്ചു.

• ഇറാനിലെ മഷാദിൽ ലാൻഡുചെയ്യുന്നതിനിടെ വിമാനത്തിനു തീ പിടിച്ച് 17 മരണം.

• കാശ്മീർ ചർച്ചാവിഷയമേ അല്ല എന്ന ഇന്ത്യൻ നിലപാടിൽ മാറ്റം വന്നത് കാർഗിൽ യുദ്ധം മൂലമാണെന്നും അതൊരു വൻ വിജയമായിരുന്നെന്നും മുൻ പാകിസ്ഥാൻ പ്രസിഡണ്ട് പർവേസ് മുഷറഫ്.



24. പാക് താലിബാൻ നേതാവ് ബെയ്തുല്ല മെഹ്മൂദ് ഏറ്റവും അപകടകാരിയാണെന്നും അയാളെ ഉന്മൂലനം ചെയ്യേണ്ടത് അമേരിക്കയുടെ പ്രധാന ലക്ഷ്യമാണെന്നും നിരീക്ഷകൻ റിച്ചാഡ് ഹോൾബ്രൂക്ക്.

• ഇന്ത്യൻ വംശജനും നേപ്പാൾ വൈസ് പ്രസിഡണ്ടുമായ പരമാനന്ദ് ഝാ കഴിഞ്ഞവർഷം അധികാരമേറ്റപ്പോൾ ഹിന്ദിയിൽ സത്യപ്രതിജ്ഞ ചെയ്തത് റദ്ദാക്കിയ സുപ്രീംകോടതി, രാഷ്ട്രഭാഷയായ നേപ്പാളിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യാൻ ഉത്തരവിട്ടു.



25. പുതുതലമുറയ്ക്ക് നിലവാരമുള്ള വിദ്യാഭ്യാസം നല്കുന്ന രാജ്യങ്ങൾക്കു മാത്രമേ നല്ല ഭാവി ഉണ്ടാവുകയുള്ളൂവെന്നും അമേരിക്കയിലെ വിദ്യാഭ്യാസ സമ്പ്രദായം പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നില്ലെന്നും പ്രസിഡണ്ട് ബറാക് ഒബാമ.



• ഇറാനിൽ ആത്മീയനേതാവ് അയത്തുല്ല അലി ഖമനിയിയും കൈവിട്ടതോടെ, ഒന്നാം വൈസ് പ്രസിഡണ്ടും മകന്റെ ഭാര്യാ പിതാവുമായ ഇസ്ഫന്ദിയർ റഹിം മഷായയുടെ രാജി പ്രസിഡണ്ട് അഹമ്മദി നെജാദ് സ്വീകരിച്ചു.

CYAN MAGENTA YELLOW BLACK

●വാല്യം 2 ●ലക്കം 46
5 ആഗസ്റ്റ് 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

**Prathichaya**
NEWS WEEKLY
Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

# സിപിഎമ്മിനുള്ളിലെ കയ്യാങ്കളി വികസനപ്രവർത്തനങ്ങൾ നിശ്ചലമാക്കി

**ബാബു ജോസഫ്**

സിപിഎമ്മിനുള്ളിലെ കയ്യാങ്കളി സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ ആകമാനം നിശ്ചലമാക്കിയിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് ആരോപിച്ചു.

കേരളാ യൂത്ത് ഫ്രണ്ട് (എം) അങ്കമാലി നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പദയാത്രയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അടിയന്തിര പ്രാധാന്യത്തോടുകൂടി പരിഹരിക്കേണ്ട അനവധി പ്രശ്നങ്ങളിൽ ശ്രദ്ധിക്കുവാൻ മുഖ്യമന്ത്രിക്കോ മന്ത്രിമാർക്കോ ചേരിതിരിഞ്ഞുള്ള തമ്മിലടിമൂലം കഴിയുന്നില്ല. സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള വികസനപദ്ധതികൾ സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ഭരണനേതൃനിരയിലെ ഈ നിഷ്ക്രിയത്വം താഴേക്കിടയിലേക്കും വ്യാപിച്ചിരിക്കുന്നു. എല്ലാ സർക്കാർ ഓഫീസുകളിലും ഇതു പ്രകടവുമാണ്. കൈക്കൂലിയും കോഴയും വ്യാപകമായിരിക്കുന്നു.

മുഖ്യമന്ത്രി തന്നെ പറഞ്ഞിരിക്കുന്നു, സെക്രട്ടറിയേറ്റിൽ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം സർവകാല റെക്കോർഡിലെത്തിയെന്ന്. ഇടതുഭരണം പൂർണപരാജയമാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് മുഖ്യമന്ത്രിയുടെ ഈ പ്രസ്താവന. വികസനപ്രവർത്തനങ്ങളുടെ ശവപ്പറമ്പായി മാറിയിരിക്കുന്ന കേരളത്തിൽ ലക്ഷോപലക്ഷം യുവജനങ്ങളുടെ ഭാവി ഉത്ക്കണ്ഠയിലായിരിക്കുകയാണെന്നും ബാബു ജോസഫ് കൂട്ടിച്ചേർത്തു.



*യൂത്ത് ഫ്രണ്ട് (എം) അങ്കമാലി നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പദയാത്രയുടെ സമാപനസമ്മേളനം നീലീശ്വരത്ത് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. ബേബി വി.മുണ്ടാടൻ, ടി.ഡി.സ്റ്റീഫൻ, എം.വി.ചാക്കോ, വർഗീസ് ജോർജ് പൈനാടത്ത്, ബിജു മാറാച്ചേരി, സിബി വി.കെ, പ്രിയേഷ് കെ.മാത്യു, പോൾ ജോർജ് പട്ടയ്ക്ക, പോൾ വർഗീസ്, ഏബ്രഹാം പൊന്നുംപുരയിടം, ആന്റണി കിടങ്ങേൻ എന്നിവർ സമീപം.*

അന്തർദേശീയ തീർത്ഥാടന കേന്ദ്രങ്ങളായ മലയാറ്റൂർ, മണപ്പാട്ചിറ എന്നിവിടങ്ങളിലേക്കുള്ള റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനം ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് യൂത്ത് ഫ്രണ്ട് (എം) അങ്കമാലി നിയോജകമണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) മണ്ഡലം പ്രസിഡണ്ട് വി.കെ. സിബി അധ്യക്ഷത വഹിച്ചു. പാർട്ടി ജില്ലാ സെക്രട്ടറിമാരായ ബേബി വി.മുണ്ടാടൻ, ഏബ്രഹാം പൊന്നുംപുരയിടം, പോൾ വർഗീസ്, നിയോജകമണ്ഡലം പ്രസിഡണ്ട് വർഗീസ് ജോർജ് പൈനാടത്ത്, യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് പ്രിയേഷ് കെ.മാത്യു, ബിജു മാറാച്ചേരി, ആന്റണി കിടങ്ങേൻ, കർഷക യൂണിയൻ (എം) ജില്ലാ പ്രസിഡണ്ട് ടി.ഡി. സ്റ്റീഫൻ, എം.വി.ചാക്കോ, പോൾ ജോർജ് പട്ടയ്ക്ക, പി.വി.തോമസ് മൂക്കന്നൂർ, കൊച്ചുത്രേസ്യ സേവ്യർ, വിജി സന്തോഷ്, ഫിലോമിന കോലഞ്ചേരി, എം.എസ്.പോളച്ചൻ, ജയിംസ് ഉന്റിക്കുഴ, സോജൻ വർഗീസ് മണിതൊട്ടിപറമ്പിൽ, സാജു ഞാളിയൻ, ആന്റണി മാടൻ, സാജു പറപ്പിള്ളി, ഷാജി മാടൻ, ബെന്നി കോയിക്കര, കൊച്ചാപ്പു തുപ്പത്തി, വിവേകാനന്ദൻ എന്നിവർ പ്രസംഗിച്ചു.

## വയനാട്ടിൽ കാലവർഷക്കെടുതി നേരിടാൻ സുസ്ഥിര നടപടികൾ സ്വീകരിക്കണം

**കേരളാ കോൺഗ്രസ് (എം)**



*ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ വിശിഷ്ട ഹിന്ദി പ്രചാരക പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ട രാജൻ പൂതാടിയെ കേരളാ കോൺഗ്രസ് (എം) വയനാട് ജില്ലാ പ്രസിഡണ്ട് കെ.ജെ.ദേവസ്യാ പൊന്നാട അണിയിച്ച് ആദരിക്കുന്നു.*

വയനാട്ടിൽ കാലവർഷം ശക്തിപ്പെടുമ്പോൾ ഉണ്ടാകുന്ന മലയിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയിൽ നിന്നും ജനജീവിതത്തെയും കൃഷിയെയും സംരക്ഷിക്കുന്നതിന് ശാശ്വതവും സുസ്ഥിരവുമായ നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണമെന്ന് കേരളാ കോൺഗ്രസ് (എം) വയനാട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

യുഡിഎഫിന്റെ നേതൃസംഘം ഡൽഹിയിൽ കേന്ദ്രമന്ത്രിമാരായ എ.കെ.ആന്റണി, ഇ.അഹമ്മദ്, കെ.വി.തോമസ്, മമതാ ബാനർജി, മുല്ലപ്പള്ളി രാമചന്ദ്രൻ എന്നിവരെ നേരിൽകണ്ട് ജില്ലയുടെ വികസനത്തിനാവശ്യമായ നിരവധി പദ്ധതികൾ അടങ്ങുന്ന നിവേദനം നല്കിയിരുന്നു. അതിലെ പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു ചുരം റോഡിന് സമാന്തമായുള്ള പാത. ഈ ആവശ്യത്തിന്റെ ഗൗരവം കഴിഞ്ഞ കാലവർഷക്കെടുതിയിൽ പുറം ലോകത്തിനും അധികൃതർക്കും കൂടുതൽ ബോധ്യമായിരിക്കുന്നു. വയനാട് ജില്ലയുടെ പ്രത്യേക ഭൂപ്രകൃതി പരിഗണിച്ച് സമഗ്രവികസനത്തിനുതകുന്ന ഒരു പാക്കേജുതന്നെ കേന്ദ്ര,സംസ്ഥാന സർക്കാരുകൾ നടപ്പാക്കണമെന്നും ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

ദക്ഷിണഭാരത ഹിന്ദി പ്രചാരസഭ ഏർപ്പെടുത്തിയ വിശിഷ്ട ഹിന്ദി പ്രചാരക പുരസ്കാരത്തിനായി തെരഞ്ഞെടുക്കപ്പെട്ട രാജൻ പൂതാടിയെ യോഗത്തിൽ കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് കെ. ജെ.ദേവസ്യാ പൊന്നാട അണിയിച്ച് ആദരിച്ചു.

ജോസ് കൈതമറ്റം, രാജൻ പൂതാടി, അഡ്വ.ടി.ജെ.ആന്റണി, ജോസഫ് മാണിശ്ശേരി, ടി.എൽ.സാബു, പി.കെ.മാധവൻ നായർ, ടി.ജ്യോതി, വർഗീസ് വടക്കേടം, എൻ.ജി.അച്ചൻകുഞ്ഞ്, ഷാജി പനന്തോട്ടം, പി.സി.തോമസ് എന്നിവർ പ്രസംഗിച്ചു.



*ബേബി ഇട്ടിരയ്ക്ക് പതാക കൈമാറിക്കൊണ്ട് യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.മുഹമ്മദ് ഇക്ബാൽ പദയാത്ര ഉദ്ഘാടനം ചെയ്യുന്നു.*



*കേരളാ പ്രവാസി കോൺഗ്രസ് (എം) സ്വാശ്രയസംഘം മെഹ്റോളി യൂണിറ്റ് ഒന്നാം വാർഷികം ജോസ് കെ.മാണി എം.പി. ഉദ്ഘാടനം ചെയ്യുന്നു. കേരളാ പ്രവാസി കോൺഗ്രസ് (എം) ഡൽഹി ഘടകം പ്രസിഡണ്ട് ജോഷി ഫിലിപ്പ്, ജനറൽ സെക്രട്ടറി ജോമോൻ വരമ്പേൽ, വൈസ് പ്രസിഡണ്ട് ദായിയേൽ മാത്യു, യൂണിറ്റ് പ്രസിഡണ്ട് സജി തോമസ് എന്നിവർ സമീപം.*

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK